

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 15

# ഉയിർത്തെഴുന്നേറ്റ ഈശോ



# ഉയിർത്തെഴുന്നേറ്റ ഈശോ

ഈശോ മരിച്ചു കഴിഞ്ഞപ്പോൾ അരിമ ത്തി
യാക്കാരൻ യൗസേപ്പും യഹൂദപ്രമാണിയായ
നിക്കേദ്ദേമൂസും കൂടി അവിടുത്തെ ശരീരം കുരി
ശിൽ നിന്നിറക്കി ഒരു കല്ലറയിൽ അടക്കി.

അവിടുത്തെ ക്രൂശിച്ചവർ
ഈശോയുടെ ശരീരം
ശിഷ്യന്മാർ വന്നു മോഷ്ടിച്ചുകൊണ്ടു
പോകുമെന്നു ഭയപ്പെട്ടു. അതിനാൽ
കല്ലറയുടെ വാതിൽക്കൽ വലിയ
ഒരു കല്ല് ഉരുട്ടിവയ്ക്കുകയും,
കല്ലറക്കു കാവലും ഏർപ്പെടുത്തി.

ഈശോ മരിച്ചതിന്റെ മൂന്നാം ദിവസമായ ഞായറാഴ്ച അതിരാവിലെ ഏതാനും ഭക്തസ്ത്രീകൾ സുഗന്ധദ്രവ്യങ്ങളുമായി കല്ലറയുടെ അടുത്തെത്തി.

കല്ലറയുടെ വാതിൽ തുറന്നു കിടന്നിരുന്നു. രണ്ട് ദൈവദൂതന്മാർ കല്ലറയ്ക്കുള്ളിൽ ഇരിക്കുന്നത് ആ സ്ത്രീകൾ കണ്ടു.

ഈശോ
ഉയർത്തെഴുന്നേറ്റുവെന്ന്
അവർ സ്ത്രീകളോടു
പറഞ്ഞു.

ഈശോ മഗ്ദലന മറിയത്തിനു
പ്രത്യക്ഷപ്പെട്ടു.
ഈശോ ശിഷ്യന്മാർക്കു
പ്രത്യക്ഷനായി. അവിടുന്ന് അവരോടു
പറഞ്ഞു :

‘സമാധാനം നിങ്ങളോടുകൂടെ’..

ഈശോ ഉയർത്തെഴുന്നേറ്റ ദിവസത്തിന്റെ

ഓർമ്മയ്ക്കാണു നമ്മൾ

# ഉയിർപ്പുതിരുനാൾ

(ഈസ്റ്റർ)

ആഘോഷിക്കുന്നത്..

ഈശോ മരിച്ചതും ഉയിർത്തതും നമുക്കുവേണ്ടിയാണ്.
ഈശോയുടെ ഉയിർപ്പ് അവിടുന്നു
ദൈവപുത്രനാണെന്നുള്ളതിനു തെളിവാണ്.

സ്വർഗാരോഹണം ചെയ്ത
ഈശോ വഴി നമുക്കും സ്വർഗ്ഗത്തിൽ
പിതാവായ ദൈവത്തിന്റെ അടുത്ത്
എത്തിച്ചേരാം.



# നമുക്കു പാടാം

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ –വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യ മഹോന്നതമാ–
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി–
ന്നുത്തമരക്ഷയുമേകുന്നു.





# നമുക്കുപ്രാർത്ഥിക്കാം

**കർത്താവും ദൈവവുമായ ഈശോയേ,**
**സ്വർഗത്തിൽ പിതാവിന്റെ**
**അടുത്തെത്തിച്ചേരുവാൻ ഞങ്ങളെ**
**അനുഗ്രഹിക്കണമേ!**

# നമുക്ക് അനുകരിക്കാം

സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത
ഈശോയുടെ അടുത്തെത്തുവാൻ നമുക്കും സ്വർഗത്തെ
ലക്ഷ്യമാക്കി നന്മ ചെയ്തു ജീവിക്കാം.

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഈശോ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

* ഈശോയുടെ ഉയിർപ്പു തിരുനാളാണ് ഈസ്റ്റർ.

* ഉയിർപ്പിന്റെ 40–ാം നാൾ ഈശോ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു.

* ഉയിർത്തെഴുന്നേറ്റ ദൈവപുത്രനായ ഈശോ നമ്മുടെ കർത്താവും ദൈവവുമാണ്.

* ഈശോവഴി നാമും സ്വർഗത്തിൽ എത്തിച്ചേരേണ്ടവരാണ്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ഉയിർത്തെഴുന്നേറ്റ ഈശോ കർത്താവും ദൈവവുമാണെന്നു വിശ്വസിച്ചു നാം ഏറ്റുപറയണം.

* നമുക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ഈശോയെ നാം സ്തുതിക്കുകയും ആരാധിക്കുകയും വേണം.





* ഈശോയ്ക്ക് ഇഷ്ടപ്പെട്ട ജീവിതം നയിച്ച് ഈശോ വഴി നാം സ്വർഗത്തിൽ പിതാവായ ദൈവത്തിന്റെ അടുത്തേക്ക് എത്തിച്ചേരണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* നന്മ പ്രവൃത്തികൾ ചെയ്തു ജീവിക്കുക.

* പ്രാർത്ഥനകൾ, സുകൃതജപങ്ങൾ , വി.കുർബാന എന്നിവ വഴി കർത്താവും ദൈവവുമായ ഈശോയ്ക്കു സ്തുതിയും ആരാധനയും നൽകുക.




THANK
YOU